**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3567

11.12.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി വീണാ ജോർജ്ജ്<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. സി.കെ.ഹരീന്ദ്രൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ പദ്ധതിയെ സ്ത്രീ ശാക്തീകരണത്തിനുള്ള പ്രധാന ഉപാധിയാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സ്ത്രീശാക്തീകരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) കെട്ടിടങ്ങൾ പൂർണ്ണമായി നിർമ്മിച്ച് താക്കോൽ കൈമാറുന്ന സമ്പൂർണ്ണ കെട്ടിട നിർമ്മാണ പദ്ധതിയിലേയ്ക്ക് കുടുംബശ്രീ പ്രവേശിച്ചതിന് പുറമേ കരിങ്കൽ ക്വാറികളുടെ നടത്തിപ്പും കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) ഗവൺമെന്റ് ഉടമസ്ഥതയിൽ ഉള്ളതും പ്രവർത്തിക്കാത്തതുമായ ക്വാറികൾ പ്രാദേശിക താത്പര്യം അനുസരിച്ച് ഏറ്റെടുക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) ലൈഫ് മിഷനുമായി സഹകരിച്ച് മറ്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങളുടെ നിർമ്മാണം കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള നിർമ്മാണ യൂണിറ്റുകൾ മുഖാന്തിരം പൂർത്തീകരിച്ചു വരുന്നു. നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട 102 ഭവനങ്ങളാണ് നിർമ്മിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

# സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

## സ്ത്രീ പദവി സ്വയം പഠന പ്രക്രിയ

നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം.

സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ നാലാം മൊഡ്യൂൾ ആയ 'ലിംഗ പദവി സമത്വവും നീതിയും' എന്ന 28 പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയ പഠന സഹായി തയ്യാറാക്കി. കേരളത്തിലെ ലക്ഷം അയൽക്കൂട്ടങ്ങളിലും ഈ പഠന സഹായിയെ അടിസ്ഥാനമാക്കി ചർച്ചകൾ നടക്കും.

## സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ -ആരോഗ്യ പരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിങ്ങ് സേവനവും ലഭ്യമാണ്. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ കൗൺസിലിങ്ങ് പിന്തുണയും വിവിധ ജില്ലകളിൽ ആരംഭിച്ചു

## ജൻഡർ റിസോഴ്സ് സെന്ററുകൾ

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുമുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. 14 ജില്ലകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 347 ജൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയം ഭരണ പ്രദേശത്തെ വിവിധ സ്ത്രീശാക്തീകരണ- ലിംഗ നീതി ഉറപ്പാക്കൽ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നല്കുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുക, ഭരണ ക്രമത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പരിപോഷിപ്പിക്കുകയും പ്രാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുക, അതിക്രമങ്ങൾക്ക് വിധേയരാക്കപ്പെട്ടവർക്ക് എല്ലാ പിന്തുണയും നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ആവശ്യമായ സാഹചര്യത്തിൽ വനിത ഘടക പദ്ധതികളുടെ രൂപികരണത്തിനും നടപ്പിലാക്കലിനും നേതൃത്വം നൽകുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

## കമ്മ്യൂണിറ്റി കൗൺസിലിംഗ്

സമൂഹത്തിൽ ഒറ്റപ്പെട്ടവരും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരും, ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയമായവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണയും കൈത്താങ്ങും നൽകുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗ് പരിപാടിക്ക് തുടക്കം കുറിച്ചു നിലവിൽ 357 കമ്മ്യൂണിറ്റി കൗൺസിലേഴ്സിന് പരിശീലനം ലഭിച്ച് 14 ജില്ലകളിലായി പ്രവർത്തിക്കുന്നു. കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുടേയും കുടുംബശ്രീ പ്രവർത്തന പരിചയത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട വനിതകളാണ്

കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ആയി ജോലി ചെയ്യുന്നത്. അവബോധ ക്ലാസുകൾ, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത കൗൺസിലിംഗ് എന്നിവ നൽകുകയും ആവശ്യമായ ഇടപെടലുകളും സേവനങ്ങളും 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകളുമായും ജൻഡർ റിസോഴ്സ് സെന്ററുകളുമായും ചേർന്ന് നൽകുകയും ചെയ്തുവരുന്നു.

<u>വിജിലന്റ് ഗ്രൂപ്പ്</u>

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും തടയുന്നതിനുമായി വാർഡുതലത്തിൽ 10 മുതൽ 15 വരെ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകമാനം 17,572 വിജിലൻറ് ഗ്രൂപ്പുകൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിൽ സ്ത്രീകളും, പുരുഷൻമാരും ഉൾപ്പെടുന്നു. ഓരോ വാർഡിലേയും പ്രാദേശിക പ്രശ്നങ്ങളെ കണ്ടെത്തുകയും സഹായം നൽകുകയും ചെയ്യുന്നു. പ്രശ്നങ്ങൾ നേരിടുന്നവർക്കും അതിജീവിച്ചവർക്കും അടിയന്തിരഘട്ടത്തിൽ ആവശ്യമായ സാമൂഹിക മാനസിക പിന്തുണ നൽകി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളെ പ്രാദേശികമായി തന്നെ കണ്ടെത്തി പരിഹരിക്കുന്നതിനും, നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

<u>സ്നേഹിത കോളിംഗ് ബെൽ</u>

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരേയും, മുതിർന്ന പൗരൻമാരേയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളേയും കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് 'സ്നേഹിത കോളിംഗ് ബെൽ' പൊതു സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട താമസിക്കുന്ന സ്ത്രീകളുടെയും വൃദ്ധരുടെയും വിവരങ്ങൾ ശേഖരിക്കുകയും അയൽക്കൂട്ട അംഗങ്ങൾ ഇവരുമായി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

<u>സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരണം</u>

ഓരോ ജില്ലയിൽ നിന്നും ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ആദ്യ ഘട്ടത്തിൽ വിവരശേഖരണവും സ്ഥാപന വിശകലനവുമാണ് ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ മേഖലയുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ, ആ മേഖലയിൽ നടത്തിയ മുൻപഠനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ എന്നിവയാണ് പ്രധാനമായും ദ്വിതീയ വിവരശേഖരണത്തിന്റെ ഭാഗമായി ശേഖരിക്കുന്നത് .